# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# യേശു ശ്രേഷ്ഠനായ ഗുരു




എഴുതിയത് : Edward Hughes

ഉദാഹരണം : Byron Unger; Lazarus

അംഗികരിച്ചത് : Rev. Benny

തർജ്ജിമ ചെയുതത് : E. Frischbutter; Sarah S.


കഥ 42-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam



യേശു ഒരു
ശ്രേഷ്ഠനായ ഗുരു ആയിരുന്നു –
ഇതുവരെ ഉണ്ടായിട്ടുള്ളതിൽ വെച്ച്
ഏറ്റവും ശ്രേഷ്ഠനായ അധ്യാപകൻ.
ജനക്കൂട്ടം അവനെ ശ്രദ്ധിച്ചു കേട്ടു.

1



കരുണയുള്ളവരും
നല്ലവരും ദയയുള്ളവരും
ആയിരിക്കുവാൻ യേശു അവരോട് പറഞ്ഞു.
മറ്റുള്ളവർ അവരെ വെറുക്കുകയും
മുറിവേൽപിക്കയും ചെയ്യാം. എന്നാൽ
ദൈവം അവർക്കുവേണ്ടി കരുതും.

2


യേശു നിരവധി
കാര്യങ്ങൾ പഠിപ്പിച്ചു.
ഒരു മെഴുകുതിരി
വീടിനുള്ളിൽ
പ്രകാശിക്കുന്നതുപോലെ
ദൈവത്തിന്റെ ജനം
ലോകത്തിന്
വെളിച്ചമായിത്തീരേണം
എന്ന് യേശു പറഞ്ഞു.
ഇരുട്ടുള്ള മുറിയിൽ
മെഴുകുതിരി
കത്തിച്ചുവെച്ചാൽ
ഉണ്ടാകുന്നത് വലിയ
വ്യത്യാസമാണല്ലോ!
3
പ്രതികാരത്തിൽ വിശ്വസിച്ചിരുന്നവരോടാണ് യേശു
സംസാരിച്ചുകൊണ്ടിരുന്നത്. കണ്ണിനുപകരം കണ്ണ്,
പല്ലിനുപകരം പല്ല്. എന്നാൽ യേശു
പഠിപ്പിച്ചത് കരുണ
കാണിക്കാനും
ക്ഷമിക്കാനും
സ്നേഹിക്കാനുമാണ്,
ശത്രുക്കളെപ്പോലും
സ്നേഹിക്കുവാൻ!
4
യേശുവിന്റെ സമയത്ത് തങ്ങൾ
വളരെ വിശുദ്ധരാണെന്ന്
അഭിമാനിക്കുന്ന ആളുകൾ
ഉണ്ടായിരുന്നു.
5
ഒരു ഭിക്ഷക്കാരന്
പൈസ കൊടുക്കുമ്പോൾ പോലും
എല്ലാവരും തങ്ങളെ കാണേണ്ടതിന് ഒരു
മനുഷ്യനെക്കൊണ്ട് തങ്ങളുടെ മുമ്പിൽ
അവർ കാഹളം ഊതിക്കുമായിരുന്നു.
6
എന്നാൽ യേശു പറഞ്ഞത്
“ദൈവം നിങ്ങൾക്ക്
പ്രതിഫലം തരേണ്ടതിന്
നിങ്ങൾ കൊടുക്കുന്നത്
രഹസ്യത്തിൽ കൊടുക്കുക”
എന്നാണ്.
7
പ്രാർത്ഥനയെക്കുറിച്ചും യേശു ഇങ്ങനെതന്നെയാണ് പഠിപ്പിച്ചത്.
എല്ലാവരും തങ്ങളെ കേൾക്കേണ്ടതിനും കാണേണ്ടതിനും
വേണ്ടി വളരെ തിരക്കുള്ള തെരുവുകളിൽ
നിന്ന് പ്രാർത്ഥിക്കുന്നവരുണ്ടായിരുന്നു.
8


ദൈവത്തെക്കുറിച്ച് അവർ ചിന്തിച്ചതേയില്ല. തങ്ങളെക്കുറിച്ച് മറ്റുള്ളവർ എന്ത് ചിന്തിക്കുന്നു എന്നു മാത്രമേ അവർ നോക്കിയുള്ളു. കപടഭക്തിക്കാർ അഥവാ തെറ്റായി അഭിനയിക്കുന്നവർ എന്നാണ് യേശു അവരെ വിളിച്ചത്.
9


തന്റെ ഉപദേശങ്ങളെ വിശദീകരിച്ചുകൊടുക്കുവാൻ യേശു മിക്കപ്പോഴും പ്രകൃതിയെ ഉപയോഗിച്ചിരുന്നു. ഉദാഹരണത്തിന് യേശു പക്ഷികളെ ചൂണ്ടിപ്പറഞ്ഞു. ‘‘അവയെ പോറ്റിപ്പുലർത്തുന്നത് നിങ്ങളുടെ സ്വർഗ്ഗീയ പിതാവാണ്. നിങ്ങൾ ചിന്താകുലരാകേണ്ട, ദൈവം നിങ്ങളെയും പുലർത്തും’’ എന്ന് യേശു പറഞ്ഞു.
10


യേശു തുടർന്നു പറഞ്ഞു, ‘‘ധനവാനായ ശലോമോൻ രാജാവുപോലും ഈ താമരകളുടെ അത്രയും മനോഹരനായിരുന്നില്ല. വയലിലെ പുല്ലുകളെ ഇത്ര മനോഹരമായി ചമയിച്ചൊരുക്കുന്ന ദൈവം നിങ്ങളെ എത്രയധികമായി കരുതും?’’
11


നമ്മുടെ സകല ആവശ്യങ്ങളെയും നിവർത്തിക്കുന്ന ദൈവത്തിൽ ആശ്രയിക്കുവാൻ അവൻ ജനങ്ങളെ പഠിപ്പിക്കുകയായിരുന്നു.
12


പിന്നെയും യേശു പറഞ്ഞത് ‘‘നിങ്ങൾ നിങ്ങളുടെ സഹോദരനെ വിധിക്കുകയാണെങ്കിൽ, നിന്റെ കണ്ണിൽ ഒരു വലിയ കോൽ ഇരിക്കുമ്പോൾ അവന്റെ കണ്ണിലെ ഒരു ചെറിയ കരട് എടുത്തുകളയുവാൻ ശ്രമിക്കുന്നതിന് തുല്യമാണത്.’’ ജനങ്ങൾ പരിഹസിച്ച് ചിരിച്ചുകാണും. എന്നാൽ യേശു പറഞ്ഞതിന്റെ അർത്ഥം അവർ ചിന്തിക്കേണ്ടിയിരിക്കുന്നു.
13


തങ്ങളെ സഹായിക്കേണ്ടതിന് മനുഷ്യർ ദൈവത്തോട് ചോദിക്കേണമെന്ന് യേശു അരുളിച്ചെയ്തു. വിശന്നിരിക്കുന്ന കുഞ്ഞുങ്ങൾ അപ്പം ചോദിക്കുമ്പോൾ അവരുടെ ഈ ലോകത്തിലെ പിതാക്കന്മാർ കല്ലുകൾ കൊടുക്കുമോ? ഇല്ല! അവർ നല്ല സാധനങ്ങൾ മാത്രമേ കൊടുക്കുകയുള്ളു. തന്നോട് ചോദിക്കുന്നവർക്ക് ദൈവവും നല്ല സാധനങ്ങൾ മാത്രമേ കൊടുക്കുകയുള്ളു.
14

കള്ള ഉപദേശകന്മാരെക്കുറിച്ച് നല്ല ഗുരുവായ യേശു മുന്നറിയിപ്പ് നൽകിയിരുന്നു. ‘‘ആടുകളെപ്പോലെ അവർ വേഷം ധരിക്കും. എന്നാൽ അകമെ അവർ ചെന്നായ്ക്കളെപ്പോലെയാണ്’’ എന്ന് യേശു പറഞ്ഞു. കള്ള ഉപദേഷ്ടാക്കന്മാരെ അവരുടെ ജീവിതം കൊണ്ട് തിരിച്ചറിയാനാകുമെന്നും യേശു പറഞ്ഞു.



15

ദൈവത്തിന്റെ വചനങ്ങളെ അനുസരിക്കുന്ന മനുഷ്യൻ പാറമേൽ വീട് പണിത മനുഷ്യനെപ്പോലെയാണെന്ന് യേശു ഒരു കഥയിലൂടെ കാണിച്ചുകൊടുത്തു. ഭയാനകമായ കൊടുങ്കാറ്റു വന്നു. കൊടുങ്കാറ്റ് സമാപിച്ചപ്പോൾ, ആ വീട് ഉറച്ചുനിൽക്കുന്നു.



16

എന്നാൽ ബുദ്ധിഹീനനായ മനുഷ്യൻ മണൽപ്പുറത്ത് തന്റെ വീട് പണിതു. കൊടുങ്കാറ്റ് വീശിയപ്പോൾ ആ വീട് വീണു തകർന്നുപോയി. കാരണം അതിന്റെ അടിസ്ഥാനം ബലഹീനം ആയിരുന്നു. ദൈവത്തിന്റെ വചനം കേട്ടനുസരിക്കാത്തവനെല്ലാം ആ മനുഷ്യനെപ്പോലെയാണെന്നാണ് യേശു പറഞ്ഞത്.



17

യേശുവിന്റെ വാക്കുകളിൽ പുരുഷാരമെല്ലാം ആശ്ചര്യപ്പെട്ടു. ഇതിനുമുമ്പ് അവർ ഇങ്ങനെയുള്ള ഉപദേശം കേട്ടിട്ടേയില്ല. ദൈവവചനം കേൾക്കമാത്രം പോരാ തങ്ങൾ അത് അനുസരിക്കുകയും വേണമെന്ന് ഇപ്പോൾ അവർ മനസ്സിലാക്കി.



18

യേശു ശ്രേഷ്ഠനായ ഗുരു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

മത്തായി 5–7, ലൂക്കൊസ് 6

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

നാം തെറ്റുകരെന്ന ദൈവം അറിയുന്ന അതിന് പാപംമെന്ന പറയുന്ന.
പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ച അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിന ഈ ലോകത്തിലേക്ക് വന്ന യേശു മരിച്ച് ഉയിർത്തെഴുന്നേറ്റ സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിന നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങളിൽ നിന്ന് വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ച ഇപ്പോൾ ജീവിക്കുന്ന എന്ന് ഞാൻ
വിശ്വസിക്കുന്ന. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയ്യുക.